പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1585 — 01-11-2019-ലെ മറുപടിയ്ക്ക്

## 2019 -ലെ പ്രളയത്തിലെ കൃഷിനാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | സംസ്ഥാനത്ത് 2019-ൽ ഉണ്ടായ പ്രളയത്തിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | **(എ)** | 15.10.2019 വരെ 1386.2415 കോടി രൂപയുടെ നാശനഷ്ടമാണ് പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്നത്. |
| **(ബി)** | ആയതിൽ നെല്ല്, പച്ചക്കറി എന്നിവയുടെ നഷ്ടം പ്രത്യേകം വ്യക്തമാക്കാമോ; | **(ബി)** | 15.10.2019 വരെയുള്ള കണക്ക് പ്രകാരം കാലവർഷ കെടുതിയിൽ 18664.30 ഹെക്ടർ നെൽ കൃഷിയും 2347.19 ഹെക്ടർ പച്ചക്കറി കൃഷിയും നഷ്ടമായിട്ടുണ്ട്. |
| **(സി)** | പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | **(സി)** | വിളനാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭം പദ്ധതിയിൽ വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ. ഫണ്ടും, സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതിന് കൃഷി ഭവൻ മുഖേന അപേക്ഷ സ്വീകരിച്ച് പരിശോധിച്ച് കൃഷി വകുപ്പ് വികസിപ്പിച്ചെടുത്ത പുതിയ സ്മാർട്ട് സോഫ്റ്റ് വെയർ പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ച് പോയി നഷ്ടം ഉണ്ടായതിനും, കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾക്കും, ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ. ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനും ഇൻഷ്വർ ചെയ്ത വിളകളാണെങ്കിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതിനുമുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ പ്രളയ ബാധിത പ്രദേശങ്ങളിൽ 1.65 കോടി രൂപയുടെ 392.38 ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**